ദേശാഭിമാനി
29 July 2017

# വിത്തുമത്സ്യ ബാങ്കുകൾക്കായി 9 കോടി രൂപ അനുവദിച്ചു

**കൊച്ചി** > ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ (ബ്രൂഡ് ബാങ്ക്) സ്ഥാപിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കേന്ദ്രസർക്കാർ ഒമ്പതുകോടി രൂപ അനുവദിച്ചു. മോദ, വറ്റ എന്നീ കടൽമീനുകളുടെ വിത്തുമത്സ്യ ബാങ്കുകൾ സ്ഥാപിക്കാനും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണിത്. പ്രജനനത്തിന് പാകമായ മത്സ്യങ്ങളുടെ ശേഖരമാണ് വിത്തുമത്സ്യ ബാങ്ക്.

കടൽമീനുകളുടെ കൃഷി ജനകീയമാക്കാൻ സിഎംഎഫ്ആർഐ സമർപ്പിച്ച വിത്തുൽപ്പാദന വികസനപദ്ധതിക്ക് കേന്ദ്ര കാർഷികമന്ത്രാലയത്തിനു കീഴിലുള്ള മൃഗസംരക്ഷണ, ക്ഷീരവികസന, ഫിഷറീസ് വകുപ്പാണ് അംഗീകാരം നൽകിയത്. വിത്തുൽപ്പാദനത്തിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഉൾക്കൊള്ളുന്നതാണ് വിത്തുമത്സ്യ ബാങ്ക്. സിഎംഎഫ്ആർഐയുടെ മണ്ഡപം, വിഴിഞ്ഞം ഗവേഷണ കേന്ദ്രങ്ങളിലാണ് മാതൃമത്സ്യ ബാങ്ക് സ്ഥാപിക്കുക. കൂടാതെ, പദ്ധതിയുടെ ഭാഗമായി പ്രാദേശിക വിത്തുൽപ്പാദന കേന്ദ്രങ്ങൾ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സ്ഥാപിക്കും.

ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ദൗർലഭ്യം സമുദ്രകൃഷി വ്യാപനത്തിന് തടസ്സമാകുന്ന സാഹചര്യത്തിലാണ് പുതിയ സംവിധാനം രാജ്യത്ത് നിലവിൽവരുന്നത്. കൂടുമത്സ്യ കൃഷിക്ക് ഏറെ അനുയോജ്യമായ മോദ, വറ്റ മീൻകുഞ്ഞുങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ആവശ്യമായ തോതിൽ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഈ സംവിധാനം വരുന്നതോടെ, കൃഷിയിറക്കാൻ പാകമായ ഒരുകോടി വറ്റ മീൻകുഞ്ഞുങ്ങളെയും 30 ലക്ഷം മോദ മീൻകുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിക്കാനാകും. ഇവയുടെ കൂടുമത്സ്യകൃഷി വൻതോതിൽ വ്യാപിക്കാൻ ഇത് സഹായിക്കും.

സിഎംഎഫ്ആർഐയുടെ മണ്ഡപം ഗവേഷണകേന്ദ്രത്തെ കൂടുമത്സ്യകൃഷിയുടെ നോഡൽ ഹബ്ബാക്കി മാറ്റുന്നതാണ് പദ്ധതി. രാജ്യത്തിന്റെ എല്ലാ ഭാഗത്തേക്കും ആവശ്യമായ മീൻകുഞ്ഞുങ്ങളെ ഇവിടെനിന്ന് വിതരണത്തിനു തയ്യാറാക്കും. പ്രാദേശിക മീൻവിത്തുൽപ്പാദന കേന്ദ്രങ്ങളിലൂടെയാണ് വിതരണം നടത്തുക. നിലവിൽ ആയിരത്തിലധികം കൂടുമത്സ്യകൃഷി സംരംഭങ്ങൾ ഇന്ത്യൻ സമുദ്രതീരങ്ങളിൽ നടന്നുവരുന്നുണ്ട്.

കടലിലെ കൂടുമത്സ്യകൃഷി വ്യവസ്ഥാപിതമാക്കുന്നതിന് ദേശീയ സമുദ്രകൃഷിനയത്തിന്റെ കരടുരൂപം സിഎംഎഫ്ആർഐ തയ്യാറാക്കിവരികയാണ്. വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമായി ആശയവിനിമയം നടത്തിയാണ് കരട് തയ്യാറാക്കുന്നത്. കൂടുമത്സ്യ കൃഷിരംഗത്ത് വൻതോതിൽ നിക്ഷേപങ്ങൾ വരുന്നതിന് സമഗ്രമായ സമുദ്ര കൃഷിനയം ആവശ്യമാണ്.